# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3258 25/06/2012 ൽ മറുപടിക്ക്

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഓൺലൈൻ സംവിധാനം**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി .ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തിന്റെ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി വിശദമാക്കാമോ ; | (എ) 18.09.1992-ലെ G.O(P) No.38/92/P&ARD സർക്കാർ ഉത്തരവു പ്രകാരമുള്ള നിർദ്ദിഷ്ട അർത്ഥനാപത്രത്തിൽ, നിയമനാധികാരി ബന്ധപ്പെട്ട വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നു. |
| (ബി) നിലവിൽ പിന്തുടരുന്ന രീതി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ ? | (സി) ഇ-ഗവേണൻസിന്റെ ഭാഗമായി ഓൺലൈൻ വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടി പി.എസ്.സി. കൈക്കൊണ്ടിട്ടുണ്ട്. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ ഇ-മെയിൽ ഐ.ഡി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് പി.എസ്.സി. ഉടൻതന്നെ അറിയിപ്പ് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ